



# വിശ്വാസം

## അതല്ലേ, എല്ലാം..

## അതെല്ലേ എല്ലാം...

“അമ്മു, നീ എന്റെ ജീവനല്ലേ മോളേ.. നീ ഇത്രവലിയ കുട്ടിയായത് അച്ഛൻ അറിഞ്ഞില്ല. നീ തകർത്തത് എന്റെ ഹൃദയം മാത്രമല്ല... വിശ്വാസമാണ് ”.

കല്ല്യാൺ ഫാഷൻ ജ്വല്ലറിയുടെ അതിമനോഹരമായ പരസ്യവാചകം.


ഒരു പിതാവിന് തന്റെ ഏക മകളോടുള്ള സ്നേഹത്തിന്റെ, വികാരം തുളുമ്പുന്ന വാക്മയ ചിത്രമാണിത്. അച്ഛനേയും, അമ്മയേയും ഉപേക്ഷിച്ച് സ്വാർത്ഥ ഇഷ്ടത്തിനനുസരിച്ച് വീട് വിട്ടിറങ്ങിയ മകളുടെ ഹൃദയത്തിൽ തറച്ച വാക്കുകൾ!.

ആധുനീക സ്വയ കേന്ദ്രീകൃതമായ സംസ്കാരത്തിന്റെ അടിയൊഴുക്കിൽ പരസ്പര വിശ്വാസം നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. വിശ്വാസത്തിന്റെ വളക്കൂറ് ജീവരസമായി വ്യക്തിബന്ധങ്ങളിൽ ഊർജ്ജം പകർന്നാൽ മാത്രമേ ആ ബന്ധങ്ങൾക്ക് നിലനിൽപ്പും പ്രസരിപ്പും ഉണ്ടാകയുള്ളൂ. ഇന്ന് ഭൂമുഖത്ത് ജീവിക്കുന്ന മനുഷ്യകുലത്തിന്റെ ദയനീയ പരാജയത്തിന്റേയും, പ്രശ്നങ്ങളുടേയും കാരണം നാം തേടിപോവുകയാണെങ്കിൽ അത് ആത്യന്തികമായി എത്തിനിൽക്കുന്നത് പുരാതനമായി നഷ്ടപ്പെട്ട വിശ്വാസത്തിന്റെ ചരിത്രരേഖക്ക് മുമ്പിലായിരിക്കും. പക്ഷെ ആ വിശ്വാസ നഷ്ട കണക്കുപുസ്തകത്തിലെ ഇരു പക്ഷക്കാർ മനുഷ്യനും, മനുഷ്യനും ആയിരുന്നില്ല. മറിച്ച് മനുഷ്യനും, ദൈവവുമയിരുന്നു.

മനുഷ്യന് സുഖേന ജീവിക്കുവാനാവശ്യമായതൊക്കേയും ഭൂപരപ്പിൽ ഒരുക്കിവെച്ചതിനുശേഷം, ദൈവം താൻ തന്നെ മണ്ണിന്റെ പൊടികൊണ്ട് മനുഷ്യനെ സൃഷ്ടിച്ചു. സർവ്വ ചരാചര സൃഷ്ടി കർമ്മത്തിൽനിന്ന് വ്യത്യസ്ഥമായി ദൈവത്തിന്റെ ജീവശ്വാസം നാസികയിൽ പതിച്ച മനുഷ്യൻ മാത്രം വിവേചന ബുദ്ധിവൈഭവത്താൽ വ്യതിരിക്തനായി തീർന്നു. ഹാ!, എത്ര മനോഹരമായിരുന്ന വ്യക്തിബന്ധത്തിന്റെ തുടക്കമായിരുന്നെന്നോ അത്. സർവ്വശക്ത, പ്രതാപവാനായ പരിശുദ്ധ ദൈവവും, തന്റെ കമനീയ സൃഷ്ടിയായ മനുഷ്യനും തമ്മിലുള്ള സുദൃഢമായ കലർപ്പില്ലാത്ത സ്നേഹ ബന്ധം. ആ പറുദീസയെ മോഹന സുന്ദരവും, അതിലെ സൗഭാഗ്യങ്ങൾ അവാച്യവുമാക്കി തീർത്തത്, ആദിമ മനുഷ്യർക്ക് ദൈവത്തോടുള്ള വിശ്വാസത്തിൽ അധിഷ്ടിതമായ വിധേയത്വമായിരുന്നു.

എന്നാൽ എല്ലാ സൗഭാഗ്യങ്ങളുടേയും കേദാരത്തിൽ നിൽക്കുന്ന മനുഷ്യരിൽനിന്നും ദൈവം ഒന്ന് മാത്രം തിരികെ പ്രതീക്ഷിച്ചു. തന്നെ മനപ്പൂർവ്വം വിശ്വസിക്കണം എന്ന് മാത്രം. “നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും”, എന്ന അലംഘനീയമായ കല്പന മനുഷ്യന്റെ വിശ്വാസത്തിന്റെ നില പരിശോധിക്കുവാനുള്ളതായിരുന്നു. നന്മയും, തിന്മയും തിരിച്ചറിഞ്ഞ് തിരഞ്ഞെടുക്കുവാനുള്ള വിവേകത്തോടെ സൃഷ്ടിക്കപ്പെട്ടവനായ മനുഷ്യൻ മനപ്പൂർവ്വം കല്പനാലംഘനം ചെയ്ത് വിലക്കപ്പെട്ട വൃക്ഷഫലം പറിച്ച് തിന്നപ്പോൾ തങ്ങൾ ദൈവത്തേയും, അവന്റെ കല്പനകളേയും അവിശ്വസിക്കുന്നു എന്ന് വ്യക്തമാക്കുകയായിരുന്നു. ദൈവത്തെ മനുഷ്യൻ അവിശ്വസിച്ച ലോകചരിത്രത്തിലെ ആദ്യത്തെ പാപം, അതും തങ്ങളെ ഹൃദയംഗമമായി സ്നേഹിച്ച ദൈവത്തെതന്നെ!.

ദൈവം പ്രസ്താവിച്ചതുപോലെ ആദിമ മനുഷ്യർക്ക് മരണം സഭംവിച്ചോ? ഒരു പ്രസക്തമായ ചോദ്യമാണിത്. മരണം എന്ന പദത്തിന്റെ അർത്ഥം വേർപാട് എന്നാണല്ലോ. മനുഷ്യശരീരം വിട്ട് ആത്മാവ് വേർപെട്ടുപോകുന്നതിനേയാണ് നാം മരണം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അതുപോലെ ദൈവം താൻ തന്നെ ആദ്യമായി ആ വാക്കുച്ചരിച്ചപ്പോൾ അർത്ഥമാക്കിയത് തോട്ടത്തിന്റെ നടുവിലുള്ള നന്മ,തിന്മകളുടെ ഫലം



പറിച്ചു തിന്നുന്ന നാളിൽ ദൈവവും, മനുഷ്യനും അതുവരെ തുടർന്നുവന്നിരുന്ന വിശ്വാസത്തിൽ അധിഷ്ടിതമായ ആത്മബന്ധം അസ്തമിക്കും, അഥവാ വേർപാട് എന്ന ആത്മമരണം സംഭവിക്കും എന്നതായിരുന്നു. കള്ളം പറയുവാൻ കഴിയാത്ത വിശുദ്ധനായ ദൈവത്തിന്റെ വാക്കുകൾ അക്ഷരപ്രകാരം സംഭവിക്കുകയും, മനുഷ്യനിലുള്ള ദൈവാംശമായ ആത്മാവിന് മരണം സംഭവിക്കുകയും ചെയ്തു. ആത്മാവായ ദൈവവും, ഭൗതീകനായ മനുഷ്യനും തമ്മിലുള്ള വ്യക്തിബന്ധത്തിന് അടിസ്ഥാനമായ മനുഷ്യാത്മാവിന്റെ മരണം സംഭവിച്ചു. സൃഷ്ടികർത്താവായ ദൈവവും, സൃഷ്ടിയായ മനുഷ്യരും തമ്മിലുള്ള വിശുദ്ധ സ്നേഹ ബന്ധത്തിന്റെ അവസാനം. ആത്മീകമായ അനുഗ്രഹങ്ങളും, ഭൗതീകമായ നന്മകളും കവിഞ്ഞൊഴുകിയ സന്തോഷങ്ങളുടെ അനുഭവത്തിൽനിന്നും ദൈവത്താൽ ത്യജിക്കപ്പെട്ടവനായി, ശപിക്കപ്പെട്ടവനായി പറുദീസയിൽനിന്ന് നിഷ്കാസിതനായി. ഒരു നിഷ്പാപയുഗത്തിന്റെ അന്ത്യം...

ഈ പറുദീസാ നഷ്ടത്തിന്റേയും, ശാപത്തിന്റേയും, ഇന്ന് മനുഷ്യൻ ഭൂമുഖത്ത് അനുഭവിക്കുന്ന സർവ്വ ദു:ഖങ്ങളുടേയും കാരണമായിതീർന്ന ആദിപാപത്തിന്റെ ബീജം ഏത്?. ഉത്തരം ഒന്നുമാത്രം. ദൈവത്തിന്റെ വാക്കുകളെ ആദിമനുഷ്യരായ ആദാമും ഹവ്വയും അവിശ്വസിച്ചു. ആദാം തന്റെ വികലമാക്കപ്പെട്ട സാദൃശ്യത്തിലും, സ്വരൂപത്തിലും സന്തതിപരമ്പരകളെ സൃഷ്ടിച്ചപ്പോൾ, തങ്ങളിൽതന്നെ മരിച്ചുകിടക്കുന്ന ആത്മാക്കളുമായാണ് ലോക മാനവകുലം മുഴുവൻ സൃഷ്ടിക്കപ്പെട്ടുവരുന്നത്. മനുഷ്യന്റെ ഏറ്റവും ഭയങ്കരമായ ശോചനീയാവസ്ഥ ഇതു തന്നെയാണ്. ദൈവവുമായുണ്ടായിരുന്ന നഷ്ടപ്പെട്ട ആത്മബന്ധം പുനസ്ഥാപിക്കാൻ കഴിയാതെവണ്ണം അവൻ നിസ്സഹായനാണ്. അങ്ങനെയുള്ള മനുഷ്യന് ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാൻ ഏതെങ്കിലും പ്രതീക്ഷയും, സാദ്ധ്യതകളും അവശേഷിക്കുന്നുണ്ടോ?.

മതങ്ങളും, തത്വങ്ങളും, ജ്ഞാനവും മനുഷ്യന്റെ നിത്യരക്ഷക്കായി നന്മപ്രവർത്തികളും, ബലികർമ്മാദി മാർഗ്ഗങ്ങളും നിർദ്ദേശിക്കുമ്പോൾ, ദൈവം തന്റെ ഇച്ഛ വെളിപ്പെടുത്തിയിരിക്കുന്ന ബൈബിളിന്റെ ഉപദേശം മാത്രം മറ്റ് മതഗ്രന്ഥങ്ങളിൽ നിന്നും വ്യത്യസ്ഥത പുലർത്തുന്നു. അത് ഇപ്രകാരമാണ്. ''യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറയുകയും, ദൈവം അവനെ മരിച്ചവരുടെ ഇടയിൽനിന്നും ഉയിർത്തെഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും, വായ്കൊണ്ട് രക്ഷക്കായി ഏറ്റുപറയുകയും ചെയ്യുന്നു ''. ശിക്ഷവിധിക്കപ്പെട്ടിരിക്കുന്ന താങ്കൾ വിശ്വസിച്ചാൽ രക്ഷിക്കപ്പെടും എന്നുപദേശിക്കുന്ന ഗ്രന്ഥം, ബൈബിൾ അല്ലാതെ വേറെ ഒന്നില്ല. അതെ, അത് ദൈവവചനമായതുകൊണ്ടുതന്നെയാണ്, മനുഷ്യന്റെ ബുദ്ധിക്ക് ലളിതമായ ''വിശ്വാസം'' എന്ന വാതിൽ തുറന്നാൽ സ്വർഗ്ഗപ്രാപ്തി സാദ്ധ്യമാണ് എന്ന് പ്രഘോഷിക്കുന്നത്.

ഒരുവേള നമുക്ക് ദൈവോന്മുഖമായി ചിന്തിക്കാം. മനുഷ്യന് ദൈവത്തോടുള്ള വിശ്വാസത്തെ ഇത്ര വിലയേറിയതായി കരുതി ആ വിശ്വാസത്തിന്റെ ആത്മാർത്ഥമായ ഏറ്റുപറച്ചിൽ മാത്രം മതി ദൈവത്തോട് നഷ്ടപ്പെട്ട ആത്മബന്ധവും, സ്വർഗ്ഗപ്രാപ്തിയും ലഭിക്കാൻ എന്നതിലെ ന്യായവും യുക്തിയും എന്താണ്?. വളരെ ലളിതമായ ഒരുത്തരം മാത്രമാണതിനുള്ളത്. മനുഷ്യരെല്ലാവരും പാപികളായി തീർന്ന്, ആത്മമരണം സംഭവിക്കുവാനുണ്ടായ കാരണം ഏദൻ തോട്ടത്തിലെ ദൈവ വാക്കുകളിൽ മനുഷ്യനുണ്ടായ അവിശ്വാസമാണ്. ആ അവിശ്വാസത്തെ ദൈവം ഗണിച്ചത് കൊടിയ പാപമായാണ്. അതേ ദൈവം തന്നെ അനവധി വർഷങ്ങൾക്കുശേഷം, താൻ തന്നെ നമ്മുടെ പാപ പരിഹാരകനായി കുരിശുമരണം ഏറ്റെടുത്തിട്ട് തന്റെ പുതിയ നിയമം സ്ഥാപിക്കുകയാണ്. "തന്റെ ഏകജാതനായ പുത്രന്റെ മരണത്തിൽ വിശ്വസിക്കുന്ന ഏവനും രക്ഷിക്കപ്പെടും". ഒരവിശ്വാസം കൊണ്ടുണ്ടായ പറുദീസാ നഷ്ടത്തിന് ദൈവത്തിന്റെ നീതിയും ന്യായവും എന്നത് ഒരു വിശ്വാസം കൊണ്ടുണ്ടാകുന്ന സ്വർഗ്ഗപ്രാപ്തിയും, ദൈവത്തോട് പുനസ്ഥാപിക്കപ്പെടുന്ന ആത്മ ബന്ധ



# വിശ്വാസം അതാണെല്ലാം!

വുമാണ്. വിശ്വാസത്താൽ രക്ഷിക്കപ്പെടാത്ത എല്ലാവരിലും ആത്മാവ് മരിച്ചുകിടക്കുകയും, വിശ്വാസത്താൽ രക്ഷിക്കപ്പെടുന്ന ക്ഷണത്തിൽ ജീവിപ്പിക്കപ്പെടുകയും അവൻ പുതുസൃഷ്ടിയായി തീരുകയും ചെയ്യുന്നു. ആദാമിന്റെ അവിശ്വാസത്താൽ മരിക്കപ്പെട്ടവനായ മനുഷ്യൻ ക്രിസ്തുവിലുള്ള വിശ്വാസത്താൽ ജീവിപ്പിക്കപ്പെടുന്നു.

മനുഷ്യർ ദൈവത്തോടുള്ള കൂട്ടായ്മയിലും, സഖിത്വത്തിലും ജീവിക്കാൻ സൃഷ്ടിക്കപ്പെട്ടവനാണ്. പാപം നിമിത്തം മനുഷ്യനുമായി നഷ്ടപ്പെട്ട ഊഷ്മള ബന്ധം പുനസ്ഥാപിക്കുവാൻ പരിശുദ്ധനായ ദൈവം കൊതിക്കുന്നു എന്നതാണ് മനുഷ്യരോടുള്ള ദൈവത്തിന്റെ സുവിശേഷം. നിങ്ങളുടെ തൊട്ടരികിൽ നിൽക്കുന്ന, താങ്കളുടെ പാപ പരിഹാരത്തിനായി കാൽവരി കുരിശിൽ പിടഞ്ഞ് മരിച്ച യേശുക്രിസ്തു എന്ന ദൈവ പുത്രന്റെ മരണം, നിനക്കുവേണ്ടിയായിരുന്നു എന്ന് ആത്മാർത്ഥമായി, വ്യക്തിപരമായി വിശ്വസിക്കുന്നു എങ്കിൽ താങ്കളുടെ ആത്മാവ് വീണ്ടും ജനിക്കും. യേശുക്രിസ്തു പറയുന്നത്, നീ പുതുതായി ജനിച്ചില്ല എങ്കിൽ സ്വർഗ്ഗരാജ്യം അവകാശമാക്കയില്ല എന്നതാണ്. അങ്ങനെ ദൈവമകനായി ജനിക്കുവാനുള്ള ദൈവം വെച്ചിരിക്കുന്ന ഏക മാർഗ്ഗം, കാൽവരി കുരിശിലെ ക്രിസ്തുവിന്റെ പാപ പരിഹാര ബലിയിലുള്ള വിശ്വാസം മാത്രമാണ്.

ഇന്നുവരേയും വ്യക്തിപരമായി യേശുക്രിസ്തുവിൽ ആത്മരക്ഷക്കായി വിശ്വസിക്കുവാനും, ദൈവത്തിന് താങ്കളുടെ ജീവിതത്തിന്മേലുള്ള കർതൃത്വം അംഗീകരിക്കുവാനും ഇടയായിട്ടില്ലെങ്കിൽ മരണാനന്തര ജീവിതം നിത്യ നരകത്തിൽ തന്നെയായിരിക്കും എന്നത് സുനിശ്ചിതമാണ്. വിശ്വാസത്താൽ വീണ്ടും ജനിക്കപ്പെട്ട് പുതു സൃഷ്ടിയാകുവാനും, ദൈവ മക്കളായി തീരുവാനും ദൈവം നിങ്ങളെ സഹായിക്കട്ടെ.

ദൈവവും പറയുന്നു.... വിശ്വാസം. അതെല്ലേ എല്ലാം...

---

ദൈവത്തിന്റെ ആദ്യ കല്പന - ഉല്പത്തി 2.16,17

കല്പനാ ലംഘനവും പാപവും - റോമർ 5.12, 14. ഉല്പത്തി 5.3,

ആദാമിൽ മനുഷ്യർ പാപികൾ - ഇയ്യോബ് 14.4, ഗലാത്യർ 5.19-21, 1 കൊരിന്ത്യർ 15.22, ഹോശെയാ 6.7

പാപത്തിന്റെ ശിക്ഷ നരകം - റോമർ 5.16-19. 2 തെസ്സലോനിക്യർ 1.10, വെളിപ്പാട് 20.15, മത്തായി 25.41

രക്ഷക്കായി നീതിപ്രവൃത്തികൾ സ്വീകാര്യമല്ല - എഫേസ്യർ 2.8,9. റോമർ 3.20, 23, 24

രക്ഷ വിശ്വാസത്താൽ മാത്രം - യോഹന്നാൻ 3.16-18, റോമർ 8.10, പ്രവൃത്തികൾ 10.43

രക്ഷിക്കപ്പെട്ടവർ ചെയ്യേണ്ടത് - അപ്പോസ്തല പ്രവൃത്തികൾ 2.41, 42

For more details : adelphoinews@gmail.com



Tetelestai TRACTS
gladsonparayil@gmail.com